(സി&ഡി) 2014-15 വർഷം ജൈവകൃഷി പദ്ധതിക്കായി വിവിധ ജില്ല കളിൽ ചെലവഴിച്ച തുക താഴെ ചേർക്കുന്നു :

| പദ്ധതി | ജില്ല | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|
| ജൈവ കൃഷി വികസനം | കാസർകോഡ് | 256.50 |
| ആർ.കെ.വി.വൈ | കോഴിക്കോട് | 20.00 |
| | പാലക്കാട് | 1.20 |

ഇതു കൂടാതെ ബയോഫാക്ക് ഇന്ത്യാ ഓർഗാനിക് 2014 നടത്തുന്നതിന് കേരള സർക്കാരിന്റെ വിഹിതമായി 80.50 ലക്ഷം രൂപ KSIDC-ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത മീറ്റിൽ കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾ ലോകത്തിനു മുമ്പാകെ പ്രദർശിപ്പിക്കുകയും അവയുടെ വിപണന സാധ്യതകളും ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡല പദ്ധതി പ്രകാരം സംസ്ഥാനത്തെ 138 നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതി നിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇതു പ്രകാരം അതാതു മണ്ഡലങ്ങളിൽ ജൈവകൃഷി നടത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപകല്പന ചെയ്യുന്നതു സംബന്ധിച്ച് ലഭ്യമായ നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്.

**കൃഷിവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

**197 (1567)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | സുസ്ഥിര നെൽകൃഷി വികസനം | 158.33 |
| 2 | ആർ.കെ.വി.വൈ | 69.83 |
| 3 | ഭക്ഷ്യസുരക്ഷാ പദ്ധതി | 4.17 |
| 4 | കാർഷിക വിജ്ഞാന വ്യാപനം | 50.39 |
| 5 | ചെറുകിട യന്ത്രവത്ക്കരണം | 3.01 |
| 6 | തെങ്ങുകൃഷി വികസനം | 0.96 |
| 7 | സൗജന്യ വൈദ്യുതി വിതരണം | 13.57 |
| 8 | നെൽകൃഷി വികസനം | 3.66 |
| 9 | ബയോഗ്യാസ് വികസന പദ്ധതി | 2.46 |
| 10 | ലാബുകളുടെ വികസനം | 0.34 |
| 11 | നെൽക്കൃഷിക്കാർക്കുള്ള ഉല്പാദന ബോണസ് | 32.6 |
| 12 | വിപണി വികസനം | 2.18 |
| 13 | സി.ഡി.ബി.- നാളികേര വികസനം | 134.69 |
| 14 | രോഗബാധിത തെങ്ങുകൾ മുറിച്ച് മാറ്റുന്ന പദ്ധതി | 14.12 |
| 15 | കരാറടിസ്ഥാനത്തിൽ കൃഷി | 4.31 |
| 16 | കണിക ജലസേചനം | 2.06 |
| 17 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | |
| | (എ ) വെള്ളപ്പൊക്കം | 94.94 |
| | (ബി) വരൾച്ച | 12.83 |
| 18 | നടീൽ വസ്തുക്കളുടെ വിതരണം | 3.45 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 19 | കർഷക പെൻഷൻ | 179.17 |
| 20 | അഗ്രോ സർവ്വീസ് സെന്റർ | 2.53 |
| 21 | മണ്ണിന്റെ ആരോഗ്യപരിപാലനം | 2.19 |
| 22 | വിള ആരോഗ്യ പരിപാലനം | 5.29 |
| 23 | സുഗന്ധവ്യഞ്ജനകൃഷി വികസനം | 1.6 |
| 24 | സംയോജിക കൃഷിത്തോട്ടം | 5 |
| 25 | ബയോഗ്യാസ്-സ്ലൂകളിൽ | 4.68 |
| 26 | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ | 78.93 |
| 27 | ആത്മ | 13.32 |
| 28 | ഓണാട്ടുകര വികസന ഏജൻസി പദ്ധതികൾ | 53.27 |
| 29 | 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 26.99 |
| 30 | പച്ചക്കറി വികസന പദ്ധതി | 119.52 |
| | ആകെ | 1100.39 |

## ജൈവകൃഷിക്ക് മാർഗ്ഗനിർദ്ദേശങ്ങൾ

**198 (1568)** ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിൽ എത്ര ഹെക്ടർ പ്രദേശത്ത് ജൈവകൃഷി നടത്തുന്നുണ്ടെന്നറിയിക്കുമോ ;

(ബി) ജൈവകൃഷി സംബന്ധിച്ച് കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോയെന്ന വെളിപ്പെടുത്തുമോ ;

(സി) കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കർഷകർക്കിടയിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനും അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി നൽകുന്നതിനും പദ്ധതി ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly